## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2980** **14-02-2024 - ൽ മറുപടിയ്ക്ക്**

## ദളിത് ക്രൈസ്തവർ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദളിത് ക്രൈസ്തവർക്ക് പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ അനുവദിക്കുന്ന വായ്പകൾക്കുള്ള വാർഷിക വരുമാന പരിധിയായ തൊണ്ണൂറ്റിയാറായിരം എന്നത് അടിയന്തരമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും അനുവദിക്കുന്ന താഴ്ന്ന വരുമാനക്കാർക്കുള്ള എല്ലാത്തരം വായ്പകളുടെയും വരുമാന പരിധി (ഗ്രാമ നഗര വ്യത്യാസമില്ലാതെ) 98,000/- രൂപയിൽ നിന്നും 01.01.2023 മുതൽ 2.5 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തിന് വീടും സ്ഥലവും ലഭ്യമാക്കുന്നതിന് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലക്ഷ്യവിഭാഗത്തിൽപ്പെട്ട ദളിത് ക്രൈസ്തവർക്കായി ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, വീടും സ്ഥലവും വാങ്ങൽ, ഭൂരഹിത ഭവന രഹിത വായ്പാ പദ്ധതി തുടങ്ങിയ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് . വീടും സ്ഥലവും ലഭ്യമാക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും വളരെ താഴ്ന്ന പലിശ നിരക്കിലുള്ള വായ്പകളാണ് ടി കോർപ്പറേഷൻ അനുവദിച്ചു വരുന്നത് . |
| (സി) | പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന്റെ പ്രവർത്തനത്തിന് ബജറ്റിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന് 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 6 കോടി രൂപ പ്രഖ്യാപിക്കുകയും ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു. 2024 -25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ആയത് 8 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. |
| (ഡി) | ഇതര സമുദായ കോർപ്പറേഷനുകൾക്ക് സർക്കാർ അനുവദിക്കുന്നതിന് തുല്യമായ തുക പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന് അനുവദിക്കുന്നതിനും വിവിധ സഹായങ്ങൾക്കുള്ള തുക ഗ്രാന്റ് ആയി | (ഡി) | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന് 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 6 കോടി രൂപ പ്രഖ്യാപിക്കുകയും |

| | | | |
|---|---|---|---|
| | നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; | | ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു. 2024 -25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ആയത് 8 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. |
| (ഇ) | ദളിത് ക്രൈസ്തവരായ കുട്ടികൾക്കുള്ള എൻട്രൻസ് കോച്ചിംഗ് ധനസഹായം ലഭിക്കുന്നതിന് വാർഷിക വരുമാന പരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഇ) | എംപ്ലോയബിലിറ്റി എൻഹാൻസ്‌മെന്റ് പ്രോഗ്രാം എന്ന പദ്ധതി പ്രകാരം ദളിത് ക്രൈസ്തവർ ഉൾപ്പെടെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ട (ഒ.ബി.സി) ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് ധനസഹായം പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്നുണ്ട്.<br><br>മെഡിക്കൽ/ എഞ്ചിനിയറിംഗ് എൻട്രൻസ്, ബാങ്കിങ് കോഴ്സുകൾക്ക് 2 ലക്ഷം രൂപയും, സിവിൽ സർവ്വീസ് കോഴ്സുകൾക്ക് 4.5 ലക്ഷം രൂപയും, GATE/MAT, UGC/NET/JRF കോഴ്സുകൾക്ക് 2.5 ലക്ഷം രൂപയുമാണ് നിലവിൽ കുടുംബ വാർഷിക വരുമാന പരിധി ആയി നിശ്ചയിച്ചിരിക്കുന്നത്. |
| (എഫ്) | പ്രസ്തുത വിഭാഗത്തിന് പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ അനുവദിക്കുന്ന വായ്പകൾക്ക് ജാമ്യവ്യവസ്ഥയിൽ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എഫ്) | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും ലഭ്യമാകുന്ന വായ്പാ അപേക്ഷകളിന്മേൽ താമസംവിനാ നടപടികൾ സ്വീകരിക്കുന്നതിനായി വായ്പകളുടെ വ്യവസ്ഥകളും സമർപ്പിക്കേണ്ട രേഖകളും വിവിധ വായ്പാ പദ്ധതികളുടെ മാനദണ്ഡങ്ങളും 2023-24 സാമ്പത്തിക വർഷം മുതൽ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുള്ളതും പരമാവധി ലഘൂകരിച്ചിട്ടുള്ളതുമാണ് . |
| (ജി) | കുടുംബത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് രണ്ടു ലക്ഷം രൂപ ധനസഹായം നൽകുന്നത് പോലെയുള്ള ധനസഹായം പരിവർത്തത ക്രൈസ്തവർക്ക് കൂടി ബാധകമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ജി) | പരിവർത്തിത ക്രൈസ്തവർക്ക് ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിന് ധനസഹായം നൽകുന്നതു പോലെയുള്ള പദ്ധതി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ